# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *118 — 12/06/2014 ൽ മറുപടിക്ക്

### സ്കൂൾ യൂണിഫോം വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ<br>,, കെ. കെ . ജയചന്ദ്രൻ<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

എ) നടപടി സ്വീകരിച്ചുവരുന്നു. സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികൾക്കും ഈ അധ്യയന വർഷം 2 ജോഡി യൂണിഫോമിന് 400/- രൂപ ക്രമത്തിൽ എസ്.എസ്.എ മുഖാന്തിരം നടപ്പിലാക്കുന്നതിന് കേന്ദ്രഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. എ.യിഡഡ് സ്കൂളുകളിലും ഇതേ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഈ അധ്യയന വർഷം സൗജന്യ യൂണഫോം നൽകുന്നതിന് നടപടികൾ സ്വകീരിച്ചുവരുന്നു

ബി) അദ്ധ്യയന കാലം അവസാനിച്ചിട്ടും കഴിഞ്ഞ വർഷം യൂണിഫോം വിതരണം നടത്താൻ കഴിയാതെ പോയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ;

ബി) ആദ്യമായിട്ടാണ് എയിഡഡ് മേഖലയിലെ കുട്ടികൾക്ക് യൂണിഫോം നൽകുന്നതിന് ഉത്തരവായത്. ഗുണമേന്മയുള്ള തുണി ന്യായമായ വിലക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇ-ടെൻഡർ നടപടി സ്വീകരിക്കുവാൻ ധാരണയായത്. ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനുണ്ടായ കാലതാമസം കാരണം നിശ്ചിതസമയത്തിനകം എല്ലാ സ്കൂളുകൾക്കും തുണി ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഭൂരിഭാഗം സ്കൂളുകളിലും യൂണിഫോം തുണി

ലഭ്യമാക്കിയിട്ടുണ്ട്. SMC/PTA കൾക്ക് എംപാനൽ ചെയ്ത കമ്പനികളിൽ നിന്നോ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് പൊതു മാർക്കറ്റിൽ നിന്നോ യൂണിഫോം വാങ്ങിക്കുന്നതിന് അനുവാദം നൽകിയിരുന്നതാണ്. ആദ്യമായി കൊണ്ടുവന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിലുണ്ടായ സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. നടപ്പു അധ്യയന വർഷത്തിൽ നിശ്ചിതസമയത്തിനുള്ളിൽ യൂണിഫോം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| സി) | ഇതിന്റെ വെളിച്ചത്തിൽ ഈ വർഷം നടപടിക്രമങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | സി) യും (ഡി) യും | ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (ഡി) | യൂണിഫോം വിതരണം സ്വകാര്യ തുണി മില്ലുകളെ ഏൽപിച്ചത് മൂലം കഴിഞ്ഞ അദ്ധ്യയനവർഷത്തെ യൂണിഫോം വിതരണത്തിൽ പ്രശ്നങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ യൂണിഫോം വിതരണം മുൻ വർഷങ്ങളിലെ പോലെ പി. ടി . എ. കളെ ഏൽപിക്കുന്നതിന് തീരുമാനിക്കുമോ ? | | |

സെക്ഷൻ ഓഫീസർ